# പതിനാലാം കേരള നിയമസഭ
## (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3810 20/10/2016-ൽ മറുപടിയ്ക്ക്**

**തൃക്കരിപ്പൂർ മണ്ഡലത്തിലെ കല്ലുമ്മക്കായ കൃഷി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. രാജഗോപാലൻ: | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) കല്ലുമ്മക്കായ കൃഷിയിൽ ഏഷ്യയിലെ തന്നെ ഏറ്റവും പ്രധാന കേന്ദ്രമായ തൃക്കരിപ്പൂർ മണ്ഡലത്തിലെ വലിയപറമ്പ, പടന്ന, മാടക്കാൽ, ഇടയിലക്കാട്, തൃക്കരിപ്പൂർ ഗ്രാമങ്ങളിൽ ഇതുകൊണ്ട് ഉപജീവനം നടത്തുന്ന 5000-ൽ അധികം വരുന്ന കർഷകരെ സഹായിക്കാൻ പദ്ധതികൾ ആവിഷ്കരിക്കുമോ; | എ) നിലവിൽ മത്സ്യസമൃദ്ധി പദ്ധതി വഴി കല്ലുമ്മേക്കായ കർഷകർക്ക് ഒരു യൂണിറ്റിന് (25$m^2$ വിസ്തൃതിയിൽ 100 മീറ്റർ ദൈർഘ്യമുള്ള റോപ്പിൽ വിത്ത് നിക്ഷേപിക്കുന്നത് ഒരു യൂണിറ്റായി കണക്കാക്കുന്നു). 5000/- രൂപ തോതിൽ ആനുകൂല്യം അനുവദിച്ച് വരുന്നുണ്ട്. വ്യക്തികൾക്ക് പരമാവധി ഒരു യൂണിറ്റും ഗ്രൂപ്പുകൾക്ക് പരമാവധി 5 യൂണിറ്റ് വരെയുമാണ് മേൽപറഞ്ഞ ആനുകൂല്യം അനുവദിച്ച് വരുന്നത്. 2015-16 വർഷത്തിൽ ആകെ 795 വ്യക്തികളും 165 ഗ്രൂപ്പുകളും ആനുകൂല്യത്തിന് അർഹരായിട്ടുണ്ട്. 2016-17 വർഷത്തിലും ഇതേ പദ്ധതി തുടരുന്നുണ്ട്. |
| ബി) വിത്തുവാങ്ങുന്നതു മുതൽ വിളവെടുപ്പ് വരെ ഇടത്തട്ട് ചൂഷണം ഒഴിവാക്കുന്നതിനും സംഭരണം, ശീതീകരണം, മൂല്യവർദ്ധനവ് എന്നിവയ്ക്കും പൊതുമേഖലയിൽ ഒരു സംരംഭം ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ? | ബി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ആഫീസർ